## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2802 19.06.2014- ൽ മറുപടിക്ക്**

**മഴക്കെടുതി മൂലമുള്ള നാശനഷ്ടങ്ങൾക്ക് കേന്ദ്ര സഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. കെ.കെ. നാരായണൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | വേനൽമഴക്കെടുതി മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കണക്കാക്കിയിട്ടുണ്ട്. വേനൽ മഴക്കെടുതി മൂലം സംസ്ഥാനത്ത് 237 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. റിലീഫ് ആവശ്യങ്ങൾക്കായി 39.9 ലക്ഷം രൂപയും സർച്ച് ആന്റ് റസ്ക്യൂ ഓപ്പറേഷനു വേണ്ടി 6.58 ലക്ഷം രൂപയും. നാശനഷ്ടക്കെടുതി നീക്കം ചെയ്യുന്നതിനുവേണ്ടി 1128 ലക്ഷം രൂപയും കാർഷിക മേഖലയിൽ 6483 ലക്ഷം രൂപയും മത്സ്യബന്ധന മേഖലകളിൽ 54.89 ലക്ഷം രൂപയും ഹൗസിംങ്ങ് ഇൻഫ്രാസ്ട്രക്ച്ചർ മേഖലയിൽ 159.30 ലക്ഷം രൂപയും നഷ്ടം വന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | മഴക്കെടുതി നേരിടുന്നതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിരുന്നോ; എന്തു തുക ലഭിച്ചു; | (ബി) | അഭ്യർത്ഥിച്ചിരുന്നു. മഴക്കെടുതി നേരിടുന്നതിന് വേണ്ടി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാനദണ്ഡ പ്രകാരം 141.5 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നു. ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല. |
| (സി) | വേനൽ മഴക്കെടുതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | വേനൽ മഴക്കെടുതിയുടെ ഭാഗമായി സംസ്ഥാനത്ത് 24 മരണങ്ങൾ ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പ്രകൃതിക്ഷോഭ ദുരന്തങ്ങൾക്ക് ഇരയായവർക്കും അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇതിന് സംസ്ഥാന സർക്കാർ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (ഡി) | ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | കാലവർഷക്കെടുതി നേരിടുന്നതിന് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും എന്തു തുക ലഭിച്ചു; ഇത് വിതരണം ചെയ്തിട്ടുണ്ടോ; കേന്ദ്രത്തോട് ആവശ്യപ്പെട്ട തുക എത്ര വീതമായിരുന്നു; | (ഇ) | കാലവർഷക്കെടുതി നേരിടുന്നതിന് 2012-13 വർഷം 76.19 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നു. 15.96 കോടി രൂപ ലഭിച്ചു. 2013-14 വർഷം 899.44 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല. മേൽപ്പറഞ്ഞ തുകയുൾപ്പെടെ 2012-13 ൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ആകെ 138,12,74,737/- രൂപയും 2013-14 ൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ആകെ 173,89,72,700/- രൂപയും വിനിയോഗിച്ചിട്ടുണ്ട്. |
| (എഫ്) | കാലവർഷക്കെടുതികൾ നേരിടുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | (എഫ്) | കാലവർഷക്കെടുതികൾ നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്